REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മൂന്ന് ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കയിലെ കൊളംബോയിലെത്തി.**
- **രാമേശ്വരത്തെ പുതിയ പാമ്പൻ റെയിൽപാലം നാളെ രാജ്യത്തിന് സമർപ്പിക്കും.**
- **ഇന്നലെ സമാപിച്ച പാർലമെന്റ് ബജറ്റ് സമ്മേളനം തികച്ചും ക്രിയാത്മകമായിരുന്നുവെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.**
- **കോഴിക്കോടിനെ മാലിന്യ മുക്തജില്ലയായി ഇന്ന് പ്രഖ്യാപിക്കും.**
- **IPL ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ്, മുംബൈ ഇന്ത്യൻസിനെ 12 റൺസിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കയിലെ കൊളംബോയിലെത്തി. ഇന്ന് ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയുമായി അദ്ദേഹം ചർച്ച നടത്തും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

ഊർജ്ജം, വ്യാപാരം, കണക്റ്റിവിറ്റി, ഡിജിറ്റലൈസേഷൻ, പ്രതിരോധം എന്നീ മേഖലകളിലെ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചാണ് ഇരു നേതാക്കളുടേയും ചർച്ച. തുടർന്ന് ഏതാനും കരാറുകളിലും ഇരുവരും ഒപ്പുവെക്കും. സാംപൂർ സോളാർ പവർ പദ്ധതിയുടെ വെർച്വൽ തറക്കല്ലിടൽ ചടങ്ങിലും ഇരു നേതാക്കളും പങ്കെടുക്കും. ഇന്ത്യൻ സമാധാന സേനയിലെ വീരമൃത്യു വരിച്ച ജവാന്മാർക്ക് IPKF സ്മാരകത്തിൽ പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിക്കും.

ഇന്നലെ വൈകിട്ട് കൊളംബോയിലെത്തിയ നരേന്ദ്രമോദിയെ ദിസനായക മന്ത്രിസഭയിലെ ഉന്നത മന്ത്രി മാർ ബന്ദാരനായകെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ സ്വീകരിച്ചു. പ്രസിഡന്റ് ദിസനായകെ അധികാരമേറ്റതിനുശേഷം ശ്രീലങ്ക സന്ദർശിക്കുന്ന ആദ്യ വിദേശരാഷ്ട്ര തലവനാണ് നരേന്ദ്രമോദി.കൊളംബോയിലെ ഇന്ത്യൻ പ്രവാസി കളും പ്രധാനമന്ത്രിയ്ക്ക് ഊഷ്മളമായ സ്വീകരണം നൽകി.

✪✪✪

രാമേശ്വരത്തെ പുതിയ പാമ്പൻ റെയിൽപാലം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജ്യത്തിന് സമർപ്പിക്കും. കപ്പൽ സഞ്ചാരത്തിന് തടസ്സമാകാത്ത ഇന്ത്യയിലെ ആദ്യ വെർട്ടിക്കൽ ലിഫ്റ്റ് കടൽപ്പാലമാണ് രാമേശ്വരത്ത് നിർമ്മിച്ചത്. പാലത്തിലൂടെ കടന്നുപോകുന്ന ആദ്യ ട്രെയിനും അടിയിലൂടെ കടന്നുപോകുന്ന കപ്പലും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. കേന്ദ്രമന്ത്രിമാരായ അശ്വിനി വൈഷ്ണവും സഹമന്ത്രി ഡോ. L മുരുകനും ആദ്യ ട്രെയിനിൽ സഞ്ചരിക്കും. പരിപാടിയുടെ മുന്നൊരുക്കത്തിനായി അശ്വിനി വൈഷ്ണവ് ഇന്നും നാളെയും രാമേശ്വരത്ത് ഉണ്ടായിരിക്കും.

✪✪✪

ഇന്നലെ സമാപിച്ച പാർലമെന്റ് ബജറ്റ് സമ്മേളനം തികച്ചും ക്രിയാത്മകമായിരുന്നുവെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു ന്യൂഡൽഹിയിൽ വിലയിരുത്തി. വഖഫ് ഭേദഗതി ചർച്ചാ വേളയിൽ ഒരിക്കൽ പോലും നടപടി ക്രമങ്ങൾ തടസ്സപ്പെട്ടില്ലെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഇത് പാർലമെന്റ് ചരിത്രത്തിൽ പുതുമയാണ്. ലോക്സഭ 16 ബില്ലുകളും രാജ്യസഭ 14 ബില്ലുകളും സമ്മേളനകാലത്ത് പാസാക്കി.

✪✪✪

ഇന്ന് ദേശീയ കപ്പലോട്ടദിനം. കപ്പൽ വ്യവസായത്തിൽ രാജ്യം കൈവരിച്ച സുപ്രധാന മുന്നേറ്റങ്ങളെ അനുസ്മരിച്ചാണ് ഇന്ന് 62-ാമത് ദേശീയ കപ്പലോട്ടദിനം ആഘോഷിക്കുന്നത്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ, പ്രതിരോധം,വ്യാപാരം എന്നിവയിൽ കപ്പൽ വ്യവസായം വഹിക്കുന്ന

നിർണായക പങ്കിനെ അംഗീകരിക്കുന്നതിനും ആദരിക്കുന്നതിനുമായാണ് എല്ലാ വർഷവും ഏപ്രിൽ അഞ്ചിന് കപ്പലോട്ടദിനം ആചരി ക്കുന്നത്. ഗുജറാത്തിലെ കാണ്ട്‌ല, ദീൻദയാൽ തുറമുഖത്ത് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കരസേനയ്ക്ക് വേണ്ടി DRDO വികസിപ്പിച്ച മധ്യദൂര ഉപരിതല വ്യോമ മിസൈൽ ഒഡീഷയിലെ ഡോ. APJ അബ്ദുൽകലാം ദ്വീപിൽ വിജയകരമായി പരീക്ഷിച്ചു. നാല് ദൂര-ഉയര മേഖലകളിലാണ് മിസൈൽ പരീക്ഷണം നടത്തിയത്. രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പരീക്ഷണ വിജയത്തിൽ DRDO യേയും കരസേനയേയും മിസൈൽ നിർമ്മാണത്തിൽ സഹകരിച്ച വ്യവസായ സ്ഥാപനങ്ങളേയും അഭിനന്ദിച്ചു.

✪✪✪

മഹാത്മാഗാന്ധി പരമ്പരയിൽ പത്തിന്റേയും അഞ്ഞൂറിന്റേയും പുതിയ കറൻസി നോട്ടുകൾ ഉടൻ പുറത്തിറക്കുമെന്ന് റിസർവ് ബാങ്ക് അറിയിച്ചു. RBI ഗവർണർ സഞ്ജയ് മൻഹോത്രയുടെ ഒപ്പോടു കൂടിയ നോട്ടുകളായിരിക്കും ഇവയെന്ന് അറിയിപ്പിൽ പറയുന്നു.

✪✪✪

പാലക്കാട്ടെ RSS നേതാവ് KS ശ്രീനിവാസനെ കൊലപ്പെടുത്തിയ കേസിൽ ആറംഗ സംഘത്തിലെ മുഖ്യപ്രതി ഷംനാദ് ഇല്ലിക്കലിനെ ദേശീയ അന്വേഷണ ഏജൻസി കൊച്ചിയിൽ നിന്ന് അറസ്റ്റ് ചെയ്തു. മൂന്ന് വർഷമായി അയാൾ വ്യാജപേരിൽ എറണാകുളം ജില്ലയിൽ കഴിയുകയായിരുന്നു. ഇയാളെ പിടികൂടാൻ സഹായിക്കുന്നവർക്ക് ഏഴ് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. NIA യുടെ അബ്സ്കോണ്ടർ ട്രാക്കിംഗ് ടീമാണ് ഇയാളെ അറസ്റ്റ് ചെയ്തത്. 2022 ഏപ്രിലിലെ കൊലപാതകം ആസൂത്രണം ചെയ്തത് നിരോധിത സംഘടനയായ പോപ്പുലർഫ്രണ്ടാണ്. കേസിൽ 63 പ്രതികൾക്കെതിരെ NIA കുറ്റപത്രം നൽകിയിട്ടുണ്ട്.

✪✪✪

ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ആത്മീയതയിലാണെന്ന് ഗോവ ഗവർണർ PS ശ്രീധരൻ പിള്ള മാവേലിക്കരയിൽ പറഞ്ഞു. ആലപ്പുഴ ഉമ്പർനാട് സിദ്ധാശ്രമം ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി സേവാ പ്രവർത്തനങ്ങൾ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. VHP സംസ്ഥാന ജനറൽ സെക്രട്ടറി അനിൽ വിളയിൽ മുഖ്യപ്രഭാഷണം നടത്തി.

✪✪✪

ആശാ പ്രവർത്തകരുടെ രാപകൽ സമരം ഇന്ന് 55-ാം ദിവസത്തിലേയ്ക്ക് കടന്നു. സെക്രട്ടേറിയറ്റിനു മുന്നിലെ അനിശ്ചിതകാല നിരാഹാര സമരം 17-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

✪✪✪

മധുരയിൽ CPIM പാർട്ടി കോൺഗ്രസ്, പാർട്ടിയുടെ സ്വതന്ത്ര കരുത്ത് വർദ്ധിപ്പിക്കുന്നതിനും ഇടതുപക്ഷ ഐക്യം ശക്തിപ്പെടുത്തുന്നതിനും ഊന്നൽ നൽകുന്ന രാഷ്ട്രീയ പ്രമേയം അംഗീകരിച്ചു.ി പൊളിറ്റ് ബ്യൂറോ അംഗം BV രാഘവലു കരട് സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിൽ ഇന്ന് ചർച്ച നടത്തും.

✪✪✪

കോഴിക്കോടിനെ മാലിന്യ മുക്ത ജില്ലയായി ഇന്ന് പ്രഖ്യാപിക്കും. കണ്ടംകുളം ജൂബിലി ഹാളിൽ വൈകീട്ട് മന്ത്രി AK ശശീന്ദ്രൻ പ്രഖ്യാപനം നടത്തും.

70 ഗ്രാമപഞ്ചായത്തുകളും ഏഴ് മുനിസിപ്പാലിറ്റികളും കോഴിക്കോട് കോർപറേഷനും മാലിന്യമുക്ത തദ്ദേശ സ്ഥാപനങ്ങളായി മാർച്ച് 30 നു തന്നെ പ്രഖ്യാപിച്ചിരുന്നു. ജില്ലയിലെ 12 ബ്ലോക്ക് പഞ്ചായത്തുകൾ ഏപ്രിൽ മൂന്നിന് മാലിന്യമുക്ത ബ്ലോക്കുകളായി പ്രഖ്യാപിച്ചു.

✪✪✪

കണ്ണൂർ ജില്ലയുടെ തദ്ദേശ സ്ഥാപനങ്ങൾ, ഗവൺമെന്റ് - സ്വകാര്യ സ്ഥാപനങ്ങൾ, സ്കൂൾ -കോളജ്- അങ്കണവാടികൾ, ടൗണുകൾ, പൊതു ഇടങ്ങൾ എന്നിവയുടെ ഹരിത പദവി പ്രഖ്യാപനം പൂർത്തിയായതിന്റെ ജില്ലാതല പ്രഖ്യാപനം ഇന്ന് നടത്തും. രാവിലെ കണ്ണൂർ ജില്ലാ പഞ്ചായത്ത് ഹാളിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയാണ് പ്രഖ്യാപനം നടത്തുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ലഖ്നൗവിൽ ആതിഥേയരായ ലഖ്നൗ സൂപ്പർ ജയന്റ്സ്, മുംബൈ ഇന്ത്യൻസിനെ 12 റൺസിന് തോൽപ്പിച്ചു.

ഇന്ന് ആദ്യ മത്സരത്തിൽ ഉച്ചകഴിഞ്ഞു മൂന്നരയ്ക്ക് ചെന്നൈ സൂപ്പർ കിംഗ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ചെന്നൈയിലാണ് മത്സരം. മറ്റൊരു മത്സരത്തിൽ വൈകിട്ട് ഏഴരയ്ക്ക് ചണ്ഡിഗഡിൽ രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിംഗ്സിനെ നേരിടും.

✪✪✪

കായിക കേരളത്തിന്റെ കുതിപ്പും കിതപ്പും എന്ന വിഷയത്തിൽ കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലും കാലിക്കറ്റ് പ്രസ് ക്ലബും സംയുക്തമായി സംഘടിപ്പിക്കുന്ന ഏകദിന സ്പോർട്സ് കോൺക്ലേവ് രാവിലെ മന്ത്രി V.അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യും. കായിക രംഗത്തെ പ്രമുഖർ VK കൃഷ്ണമേനോൻ ഇൻഡോർ സ്റ്റേഡിയത്തിലെ പരിപാടിയിൽ വിഷയങ്ങൾ അവതരിപ്പിക്കും. സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് U.ഷറഫലി മുഖ്യാതിഥിയായി പങ്കെടുക്കും.

✪✪✪

ലഹരി ഉപയോഗത്തിനും അക്രമങ്ങൾക്കുമെതിരെ കണ്ണൂരിൽ രൂപീകരിച്ച അമ്മമാരുടെ കൂട്ടായ്മ -മദേഴ്സ് ആർമിയുടെ നേതൃത്വത്തിൽ വൈകിട്ട് രാത്രി നടത്തം സംഘടിപ്പിക്കും. പയ്യാമ്പലത്ത് മുൻ DGP ഋഷിരാജ് സിംഗ് പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

തൊടുപുഴ നഗരസഭാ ചെയർമാൻ തെരഞ്ഞെടുപ്പ് രാവിലെ 11ന് കൗൺസിൽ ഹാളിൽ നടത്തും. ചെയർപേഴ്സണായിരുന്ന CPIM അംഗം സബീന ബിഞ്ചുവിനെ UDF അവിശ്വാസത്തിലൂടെ പുറത്താക്കിയതോടെയാണ് തെരഞ്ഞെടുപ്പ് ആവശ്യമായത്. UDF സ്ഥാനാർത്ഥിയായി K. ദീപയും LDF സ്ഥാനാർത്ഥിയായി മിനി മധുവും മത്സരിക്കും.

തെരഞ്ഞെടുപ്പിൽ നിന്ന് വിട്ടു നിൽക്കാൻ BJP എട്ട് കൗൺസിലർമാർക്ക് വിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസിന്റെ അവകാശ പ്രഖ്യാപന റാലിയും പൊതുസമ്മേളനവും ഉച്ച കഴിഞ്ഞ് കോഴിക്കോട്ട് നടത്തും. തലശ്ശേരി അതിരൂപത ബിഷപ്പ്, മാർ ജോസഫ് പാംപ്ലാനി മുതലക്കുളത്ത് സമ്മേളനം ഉദ്ഘാടനം ചെയ്യും. വന്യ ജീവി ആക്രമണം തടയാൻ നടപടി,ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷിക്കണം എന്നിവയുൾപ്പെടെ ആവശ്യങ്ങൾ ഉന്നയിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

കോഴിക്കോട് ദേവഗിരി കോളെജിൽ നിന്ന് കക്കാടംപൊയിൽ കോഴിപ്പാറ വെള്ളച്ചാട്ടം കാണാനെത്തിയ ആറംഗ സംഘത്തിലെ ഒരു വിദ്യാർത്ഥി ഒഴുക്കിൽപ്പെട്ട് മരിച്ചു. കോഴിക്കോട് ചേവരമ്പലം സ്വദേശി സന്ദേശാണ് മുങ്ങി മരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് ശേഷമായിരുന്നു അപകടം. ഫയർഫോഴ്സും പോലീസും ചേർന്നാണ് മൃതദേഹം കണ്ടെത്തിയത്.

കക്കാടംപോയിലിന് സമീപം റിസോർട്ടിലെ സ്വിമ്മിംഗ് പൂളിൽ മുങ്ങി ഒരു കുട്ടിയും മരിച്ചു. മലപ്പുറം ഊർങ്ങാട്ടിരി സ്വദേശി അഷ്മിലാണ് മരിച്ചത്.

✪✪✪

LDF ഗവൺമെന്റിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണമേളയുടെ ഔദ്യോഗിക പോസ്റ്റർ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ ഇന്ന് കാസർകോട്ട് പ്രകാശനം ചെയ്യും.

ഈ മാസം 21 മുതൽ 27 വരെ പിലിക്കോട് കാലിക്കടവ് മൈതാനത്തെ ആഘോഷ പരിപാടികൾ 21ന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നാലാം വാർഷിക പരിപാടികളുടെ സംസ്ഥാന തല ഉദ്ഘാടനം കൂടിയാണിത്.

✪✪✪

തലശ്ശേരി പോലീസ് സ്റ്റേഷനിൽ പാറാവ് ഡ്യൂട്ടിക്കിടെ പിസ്റ്റളിൽനിന്ന് അബദ്ധത്തിൽ വെടിപൊട്ടിയ സംഭവത്തിൽ സിവിൽ പോലീസ് ഓഫീസർ സുബിനെ സിറ്റി പോലീസ് കമ്മിഷണർ സസ്പെൻഡ് ചെയ്തു. വെടിയുണ്ടയുടെ ചീൾ തട്ടി വനിതാ സിവിൽ പോലീസ് ഓഫീസർക്ക് പരിക്കേറ്റിരുന്നു.

സംസ്ഥാനത്ത് ആദ്യമായി പാറാവിന് പിസ്റ്റൾ നിലവിൽവന്ന സ്റ്റേഷനാണ് തലശ്ശേരി.

✪✪✪

കോഴിക്കോട്ടെ വിലങ്ങാട് ഉൾപ്പെടെ വാണിമേൽ പഞ്ചായത്തിലെ മൂന്ന് വാർഡുകളിൽ ജില്ലാ കലക്ടർ നിർമാണ പ്രവൃത്തികൾക്ക് വിലക്കേർപ്പെടുത്തി. വിലങ്ങാട് പുനരധിവാസ പ്രവർത്തന അവലോകന യോഗത്തിലാണ് തീരുമാനം.

✪✪✪

ചാലക്കുടിയിലെ ജനവാസ മേഖലയിൽ കണ്ട പുലിയെ മയക്കുവെടി വെച്ച് പിടികൂടാൻ ജില്ലാ കളക്ടർ ഉത്തരവിട്ടു. പുലിയെ പിടികൂടാൻ ഇപ്പോഴത്തെ നാല് കൂടുകൾക്കൊപ്പം ഒരു കൂട് കൂടി സ്ഥാപിക്കാനും തൃശൂരിൽ ചേർന്ന അടിയന്തര യോഗം തീരുമാനിച്ചു. മേഖലയിൽ കൂടുതൽ വനംവകുപ്പ് ഉദ്യോഗസ്ഥരേയും നിയോഗിക്കും.

✪✪✪

മാവേലിക്കര നഗരത്തിലും പരിസരത്തുമായി മൂന്ന് വയസുകാരി ഉൾപ്പെടെ 60 പേരെ തെരുവ് നായ കടിച്ചു. നിരവധി വളർത്തു നായ്ക്കൾക്കും മൃഗങ്ങൾക്കും നായകടി ഏറ്റിട്ടുണ്ട്.

✪✪✪

തിരുവനന്തപുരം ആമഴിഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടെ മരിച്ച ജോയിയുടെ കുടുംബത്തിന് വീട് നിർമ്മിച്ചു നൽകാൻ നടപടികൾ പൂർത്തിയാക്കി രണ്ട് മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദേശം നൽകി. കമ്മീഷൻ സ്വമേധയാ എടുത്ത കേസിൽ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസാണ് നഗരസഭാ സെക്രട്ടറിക്ക് ഈ നിർദേശം നൽകിയത്.

✪✪✪

വൈദ്യുതി മേഖലയിലെ ജീവനക്കാർക്കായി കാസർകോട് സർക്കിളിന് കീഴിൽ സേഫ്റ്റി കോൺക്ലേവ് സംഘടിപ്പിച്ചു. വൈദ്യുതി മേഖലയിലെ ജീവനക്കാർ സുരക്ഷിതമായി വൈദ്യുതി ലൈനിൽ എങ്ങനെ ജോലി ചെയ്യണമെന്നും, ഏതൊക്കെ സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കണമെന്നും കോൺക്ലേവിൽ വിശദീകരിച്ചു. ജീവനക്കാരുടെ മാനസിക സമ്മർദ്ദമടക്കം പ്രശ്നങ്ങൾ നേരിടാനാവശ്യമായ നടപടികളും കോൺക്ലേവ് ചർച്ച ചെയ്തു.

✪✪✪

പാലക്കാട് ജില്ലയിൽ ഇന്നലെ വൈകിട്ടും രാത്രിയിലുമുണ്ടായ കനത്ത മഴയിൽ പലയിടത്തും കടകളിലും വീടുകളിലും വെള്ളം കയറി. കൊല്ലങ്കോട് പയ്യലൂരിൽ ഒരു വീട് തകർന്നു. കുത്തന്നൂർ പഞ്ചായത്തിലെ കുഴൽമന്ദം - കല്ലമ്പറമ്പ് റോഡിന് കേടുപാട് സംഭവിച്ചിട്ടുണ്ട്.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*